ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന കയറ്റിറക്കുമതി നയങ്ങൾമൂലം സംസ്ഥാന കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി തീരുവ ഡബ്ളിയു. റ്റി. ഒ.യുടെ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണ് സോയാബീൻ എണ്ണയെയാഴികെ മറ്റുള്ളവയ്ക്ക് ഭക്ഷ്യ എണ്ണയുടെ കാര്യത്തിൽ 300 ശതമാനം വരെ ഇറക്കുമതി തീരുവ ഏർപ്പെടുത്താമെങ്കിലും അസംസ്കൃത പാമോയിലിന് 65%വും ആർ. ബി. ഡി. പാമോയിലിന് 75%വുമാണ് തീരുവ ചുമത്തിയിരുന്നത് എന്നാൽ 2005 ഫെബ്രുവരി 15-ാം തീയതി ഇവയ്ക്ക് യഥാക്രമം 80 % -വും 90%-വും ആയി തീരുവ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇറക്കുമതി ക്രമാനുഗതമായി വർദ്ധിപ്പിക്കുന്നതുകൊണ്ട് ആഭ്യന്തരമായി ഉല്പാദിക്കുന്ന വെളിച്ചെണ്ണപോലുള്ള ഭക്ഷ്യ എണ്ണയുടെ വിലയേയും ഉപഭോഗത്തേയും സാരമായി ബാധിക്കുന്നതായി കാണുന്നു. ശ്രീലങ്കയുമായുണ്ടാക്കിയ സ്വതന്ത്ര വ്യാപാരക്കരാറിന്റെ അടിസ്ഥാനത്തിൽ തീരുവ രഹിതമായി ആ രാജ്യത്തു നിന്നുള്ള കാർഷികോല്പന്നങ്ങളുടെ ഇറക്കുമതി വർദ്ധിച്ചു വരുന്നതായി കാണുന്നു. കുരുമുളക് പോലുള്ള ഉല്പന്നങ്ങളുടെ അനിയന്ത്രിതമായ തീരുവ രഹിത ഇറക്കുമതി വർദ്ധിക്കുന്നതിനാൽ ആഭ്യന്തര ഉല്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടായിട്ടുണ്ട്.

(ബി) പ്രധാനമായും അടയ്ക്ക, കുരുമുളക്, നാളികേരോല്പന്നങ്ങൾ എന്നീ ഉല്പന്നങ്ങളെയാണ് വിലത്തകർച്ചയുടെ ആഘാതം ഏറ്റവുമധികം ബാധിച്ചിട്ടുള്ളത്.

(സി) വിലത്തകർച്ച രൂക്ഷമായി അനുഭവപ്പെടുന്ന അടയ്ക്കാ, കുരുമുളക് എന്നീ കാർഷികോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലനിലവാരം ലഭിക്കുന്നതിനായി അവയുടെ സംഭരണം നടന്നുവരുന്നു. അടയ്ക്ക കർഷകർക്ക് കിലോഗ്രാമിന് മാർക്കറ്റ് വിലയേക്കാൾ പരമാവധി 10 രൂപ വരെ അധികം നൽകി കാംപ്കോ മുഖാന്തിരം സംഭരണം നടത്തുന്നതിന് 10 കോടി രൂപ വകയിരുത്തി സംഭരണ നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു. 28-2-2005 വരെ 7131 കർഷകരിൽ നിന്നായി 2735.52 ടൺ അടയ്ക്ക സംഭരിച്ചു കഴിഞ്ഞു. കുരുമുളക് സംഭരണം കിലോഗ്രാമിന് 75 രൂപ നൽകി മാർക്കറ്റ് ഫെഡ് മുഖാന്തിരം നടന്നു വരുന്നു. 25-2-2005 വരെ 7002 കർഷകരിൽ നിന്നായി 1149.182 ടൺ കുരുമുളക് സംഭരിച്ചുകഴിഞ്ഞു.

(ഡി) കാർഷികോല്പന്നങ്ങളുടെ വിലയിടിവ് കണക്കിലെടുത്ത് നെല്ല്, കൊപ്ര എന്നീ ഉല്പന്നങ്ങൾക്കാണ് കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ താങ്ങുവില നിശ്ചയിക്കുന്നത്.

(ഇ) അപ്രകാരം ഒരു സ്റ്റേറ്റ്മെന്റ് തയ്യാറാക്കപ്പെട്ടിട്ടില്ല.

ഫാമിങ്ങ് കോർപ്പറേഷൻ തൊഴിലാളികളെ പുനരധിവസിപ്പിക്കൽ നടപടി

105 [2002] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാമിംഗ് കോർപ്പറേഷന്റെ എത്ര ഏക്കർ സ്ഥലമാണ് ശബരിമല വികസനത്തിന് ഏറ്റെടുക്കുന്നതിനായി ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര തൊഴിലാളികളാണ് ഇവിടെ ജോലിനോക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) 1982 മുതൽ എസ്റ്റേറ്റിൽ ജോലി ചെയ്തുവരുന്ന ഭൂരിപക്ഷം ആദിവാസികളടങ്ങുന്ന തൊഴിലാളികളെ (സ്ഥിരം/കാഷ്വൽ) പുനരധിവസിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 250 ഏക്കർ സ്ഥലമാണ് ശബരിമല വികസനത്തിനായി വിട്ടുകൊടുക്കാൻ തീരുമാനമായിരിക്കുന്നത്.

(ബി) 52 സ്ഥിരം ജീവനക്കാരും 17 കാഷ്വൽ തൊഴിലാളികളുമാണ് ഇവിടെ ജോലി നോക്കുന്നത്.

(സി) നിലക്കൽ എസ്റ്റേറ്റിലെ ജീവനക്കാരെ ദേവസ്വം ബോർഡ് ഏറ്റെടുക്കുവാൻ 25-1-2005-ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടികൾ എടുത്തുവരുന്നതേയുള്ളൂ.

കൃഷി യോഗ്യമാക്കാൻ നടപടി

106 [2004] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളി ജലസേചന പദ്ധതി പ്രദേശത്ത് ഉപ്പുവെള്ളം കയറുന്നതുമൂലം 4500 ഏക്കർ കൈപ്പാട് കൃഷിനിലം കൃഷിയോഗ്യമല്ലാതായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതു കൃഷിയോഗ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാട്ടാമ്പള്ളി ജലസേചന പദ്ധതി പ്രദേശത്ത് കൈപ്പാട് നിലം കൃഷിയോഗ്യമാക്കുന്നതിന് 2000-01 വർഷം മുതൽ കൃഷി വകുപ്പ് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കാട്ടാമ്പള്ളി പ്രദേശത്തെ നെൽകൃഷി പ്രശ്നങ്ങളുടെ പരിഹാരത്തിനായി കാട്ടാമ്പള്ളി വികസന ഏജൻസി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശത്തിന്റെ വികസനത്തിനായി നാളിതുവരെ 45 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതിൽ 34 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രദേശത്തെ 9 പഞ്ചായത്തുകളിലായി 1718.5 ഏക്കർ സ്ഥലം നെൽകൃഷിക്ക് അനുയോജ്യമാക്കുവാനായി യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം എന്നിവ കൃഷിഭവൻ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ മറ്റ് ഉൽപ്പാദനോപാധികളും പദ്ധതി പ്രദേശത്ത് വിതരണം ചെയ്തിട്ടുണ്ട്.

ചോദ്യം നമ്പർ (2003)-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly